എറണാകുളം റൂറൽ ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി അഡീഷണൽ എസ്.പി കെ.എം.ജിജിമോൻ ക്യാമ്പുകൾ സന്ദർശിച്ചു. ക്യാമ്പിലുള്ളവരുമായി സംസാരിച്ചു. അടിയന്തിരമായി ഒരുക്കേണ്ട കാര്യങ്ങളെക്കുറിച്ച് ജനപ്രതിനിധികൾ ആരോഗ്യ പ്രവർത്തകർ തുടങ്ങിയവരുമായി ചർച്ച നടത്തി. പോലീസുദ്യോഗസ്ഥരും ഒപ്പമുണ്ടായിരുന്നു. ജില്ലാ പോലീസ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്.